**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **30-09-2025 - ൽ മറുപടിയ്ക്ക്**

**പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2011 -ലെ കേരള പോലീസ് ആക്ടിലെ സെക്ഷൻ 110 പ്രകാരം കേരളത്തിൽ 2012 ഫെബ്രുവരി 22-ാം തീയതിയാണ് സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ നിലവിൽ വന്നിട്ടുള്ളത്. സംസ്ഥാന തലത്തിലും (State Police Complaints Authority) ജില്ലാ തലത്തിലും (District Police Complaints Authority) പ്രസ്തുത അതോറിറ്റികൾ നിലവിലുണ്ട്. എസ്.പി റാങ്കിന് തുല്യമായോ മുകളിലോ ഉള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഉന്നയിക്കപ്പെടുന്ന പെരുമാറ്റ ദൂഷ്യവുമായി ബന്ധപ്പെട്ട എല്ലാ പരാതികളും കൂടാതെ കസ്റ്റഡിയിലുള്ള സ്ത്രീകളെ ലൈംഗിക ഉപദ്രവം നടത്തുന്നതോ, ഏതെങ്കിലും വ്യക്തിയെ കൊലപ്പെടുത്തുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും വ്യക്തിയെ കഠിന ദേഹോപദ്രവം ഏൽപ്പിക്കുകയോ, ബലാൽസംഗം ചെയ്യുകയോ മറ്റ് ഗുരുതര കുറ്റം ചെയ്തതായി ആരോപണം ഉണ്ടാകുന്ന ഇതര റാങ്കിലുള്ള ഉദ്യോഗസ്ഥർക്കെതിരെ ഉള്ള പരാതികളും സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികൾ പരിശോധിക്കുകയും അന്വേഷണം നടത്തുകയും ചെയ്ത് വരുന്നു.<br><br>സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ സമർപ്പിക്കുന്ന പരാതികൾ കേരള പോലീസ് ആക്ട് സെക്ഷൻ 110 (i) (ii) ന്റെ പരിധിയിൽ വരുന്നുവെങ്കിൽ ഒ. പി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റം തെളിയുന്ന പക്ഷം കുറ്റക്കാരായ ഉദ്യോഗസ്ഥർ ക്കെതിരെ നടപടിക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണം കോടതി വ്യവഹാരങ്ങൾക്ക് സമാനമായ രീതിയിലാണ് നടത്തുന്നത്. |

| | | | |
|---|---|---|---|
| | | | റിട്ട.ഹൈക്കോടതി ജഡ്ജി ചെയർപേഴ്സണായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), എ.ഡി.ജി.പി (ഹെഡ്ക്വാർട്ടേഴ്സ്) എന്നിവർ ഔദ്യോഗിക അംഗങ്ങളായും രണ്ട് അനൗദ്യോഗിക അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ യോഗം ചേർന്ന് വിലയിരുത്താറുണ്ട്.<br><br>ഡി.വൈ.എസ്.പി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള ആരോപണങ്ങൾ പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ നിലവിലുണ്ട്.<br><br>28.02.2013 ലെ സർക്കാർ ഉത്തരവ് (സാധാ) നം 521/2013/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരമാണ് 14 ജില്ലകളിലും ജില്ലാ പോലീസ് കംപ്ലയിന്റ് അതോറിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. പോലീസ് കംപ്ലയിന്റ് അതോറിറ്റികളുടെ പ്രവർത്തനങ്ങൾ 2019 സെപ്റ്റംബർ 26-ലെ ജി.ഒ(പി) നം.37/2019/ ആഭ്യന്തരം എസ്.ആർ.ഒ നം 684/2019 ലെ 12-ാം ചട്ട പ്രകാരമാണ് നടന്നുവരുന്നത്.<br><br>ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി ചെയർപേഴ്സൺ റിട്ട. ജഡ്ജിയും, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർ അംഗങ്ങളും ആണ്. പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിൽ സമർപ്പിക്കപ്പെടുന്ന പരാതികളിൽ ചെയർപേഴ്സൺ നിർദ്ദേശിക്കുന്ന ദിവസം വിചാരണയ്ക്ക് ഹാജരാവുന്നതിന് ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും കൃത്യമായി സിറ്റിംഗ് നടത്തുകയും ചെയ്ത് വരുന്നുണ്ട്. കോടതി കേസ്സുകളോ മറ്റ് ഭരണപരമായ കാരണങ്ങൾ കൊണ്ടോ സിറ്റിംഗിന് ഹാജരാവാൻ സാധിക്കാത്ത പോലീസ് ഉദ്യോഗസ്ഥർ ആയത് രേഖാമൂലം ബോധിപ്പിച്ച് അബ്സന്റ് റിപ്പോർട്ട് സമർപ്പിക്കാറുള്ളതാണ്. അല്ലാത്ത പക്ഷം ടി ഉദ്യോഗസ്ഥരെ എക്സ് പാർട്ടിയാക്കി കേസ്സ് Set aside ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ചെയർപേഴ്സൺ ഉത്തരവ് പുറപ്പെടുവിക്കാറുള്ളതാണ്. ലഭ്യമായ പരാതികൾ കാലതാമസം വരുത്താതെ അടുത്ത സിറ്റിംഗിൽ പരിഗണിക്കുകയും വാദി ഭാഗത്തെയും എതിർ ഭാഗത്തെയും കൃത്യമായി വിസ്തരിച്ചതിന് ശേഷം നിയമ പരമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്ത് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത അതോറിറ്റിയിൽ ലഭിക്കുന്ന പരാതികളുടെ എണ്ണം ഗണ്യമായി കുറയുന്നതായി | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | | സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റിയിൽ 2017 മുതൽ ലഭിക്കുന്ന പരാതികളുടെ എണ്ണത്തിൽ ഗണ്യമായി കുറവ് വന്നിട്ടുണ്ട് എന്നുള്ളത് വസ്തുതയാണ്. പോലീസ് അതിക്രമം കുറയുന്നു എന്നത് തന്നെയാണ് ഇത് സൂചിപ്പിക്കുന്നത്.<br><br>ദക്ഷിണ മേഖലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ കീഴിൽ വരുന്ന 6 ജില്ലകളിലും കഴിഞ്ഞ 5 വർഷത്തിനിടയിൽ അതോറിറ്റിയിൽ ലഭിച്ച പരാതികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ കാണപ്പെടുന്നു.<br><br>ഉത്തര മേഖലാ പോലീസ് കംപ്ലയിന്റ് അതോറിറ്റിയുടെ കീഴിൽ വരുന്ന വയനാട് ജില്ലയിൽ പരാതികൾ കുറയുകയും മറ്റ് ജില്ലകളിൽ എല്ലാ മാസവും പുതിയ പരാതികൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | പോലീസ് കംപ്ലൈന്റ്സ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 2012 ഫെബ്രുവരി 22-ാം തീയതി സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി നിലവിൽ വരികയുണ്ടായി. 2017-ൽ ജസ്റ്റിസ് വി.കെ. മോഹനൻ ചെയർപേഴ്സൺ ആയി അധികാരമേൽക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചതനുസരിച്ച് അതോറിറ്റി സർക്കാരിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും 2019-ൽ കേരള സംസ്ഥാന പോലീസ് (കംപ്ലയിന്റ്സ് അതോറിറ്റികൾ) ചട്ടം പ്രാബല്യത്തിൽ വരികയും ചെയ്തു. അങ്ങനെ അതോറിറ്റി പ്രവർത്തനം സുഗമമാകുകയും ചെയ്തു. 2017 വരെ അതോറിറ്റിയുടെ ഭരണ പരമായ കാര്യങ്ങളിൽ ചെയർപേഴ്സൺ ആണ് ഉത്തരവ് നൽകിയിരുന്നത്. 2017-ൽ ജസ്റ്റിസ് വി.കെ. മോഹനൻ ചെയർപേഴ്സൺ ആയി ചാർജ്ജ് എടുത്തതിന് ശേഷം, ഹൈക്കോടതി യിൽ ഉള്ളതുപോലെ; അഞ്ച് അംഗങ്ങളും ഉൾപ്പെടുന്ന ഭരണസമിതി രൂപീകരിക്കു കയും കാലാകാലങ്ങളിൽ യോഗം ചേർന്ന് ജനാധിപത്യപരമായി ഭൂരിപക്ഷ തീരുമാനത്തിനനുസരിച്ച് നയപരവും ഭരണപരവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയുമാണ് ചെയ്തു വരുന്നത്.<br><br>സംസ്ഥാന പോലീസ് കംപ്ലയിന്റ്സ് അതോറിറ്റി എന്നാൽ ചെയർപേഴ്സണും ഔദ്യോഗിക അനൗദ്യോഗിക അംഗങ്ങളും ഉൾപ്പെടെ അഞ്ച് പേര് അടങ്ങുന്നതാണെന്നും ചെയർപേഴ്സൺ ഒറ്റയ്ക്കോ, മെമ്പർമാർക്ക് ഒറ്റയ്ക്കോ വിധി പറയാൻ കഴിയില്ലെന്ന് 05.04.2018-ൽ ജസ്റ്റിസ് സി.എ. ചാലി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് ചെയർപേഴ്സൺ ആയ ജസ്റ്റിസ് വി.കെ. മോഹനൻ സർക്കാരിന് നൽകിയ ശിപാർശ കണക്കിലെടുത്ത് ചെയർപേഴ്സണ് |

| | | | |
|---|---|---|---|
| | | | ഒറ്റയ്ക്കോ അല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന മെമ്പർക്ക് ഒറ്റയ്ക്കോ അതല്ലെങ്കിൽ ചെയർപേഴ്സൺ നിശ്ചയിക്കുന്ന ബഞ്ചിനോ വിധി പുറപ്പെടുവിക്കാമെന്ന നിയമഭേദഗതി സർക്കാർ വരുത്തുകയും അത് വഴി അതോറിറ്റിയുടെ പ്രവർത്തനം സുഗമമാക്കുകയും ഉണ്ടായി. നിലവിൽ ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ട്. അങ്ങനെ സുതാര്യവും ലളിതവുമായ രീതിയിലാണ് അതോറിറ്റി പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുന്നത്.<br><br>ജില്ലാ പോലീസ് കംപ്ലയിന്റ്സ് അതോറിറ്റികളിലെ പ്രവർത്തനങ്ങളും കാര്യക്ഷമമായി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ